# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 നവംബർ 27

# വാർത്താക്കുറിപ്പ്

## പരീക്ഷകൾ മാറ്റി

മഹാത്മാഗാന്ധി സർവകലാശാല ഡിസംബർ ഏഴുമുതൽ 16 വരെ നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/1234/2020)

## പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളജുകളിലെ രണ്ടാം സെമസ്റ്റർ എം.എ., എം.എസ് സി. (സി.എസ്.എസ്. 2019 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. പരീക്ഷകൾ നവംബർ 30ന് ആരംഭിക്കും. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1235/2020)

## അപേക്ഷ തീയതി

രണ്ട്, നാല്, അഞ്ച് സെമസ്റ്റർ ബി.എച്ച്.എം. പരീക്ഷകൾ യഥാക്രമം ഡിസംബർ 17, 18, 21 തീയതികളിൽ ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ ഒന്നു വരെയും 525 രൂപ പിഴയോടെ ഡിസംബർ രണ്ടു വരെയും 1050 രൂപ സൂപ്പർഫൈനോടെ ഡിസംബർ മൂന്നുവരെയും അപേക്ഷിക്കാം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1236/2020)

## സ്പോട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാല യു.ജി.സി.-എൻ.എസ്.ക്യു.എഫിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ഡിജിറ്റൽ മാർക്കറ്റിംഗ് (ആറുമാസം), ഡിപ്ലോമ ഇൻ ബേക്കറി ആന്റ് കൺഫെക്ഷനറി (ഒരു വർഷം), പി.ജി. ഡിപ്ലോമ ഇൻ ഡേറ്റ ആന്റ് ബിസിനസ് അനലിറ്റിക്സ് (ഒരു വർഷം) പ്രോഗ്രാമുകളിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. താല്പര്യമുള്ളവർ നവംബർ 30ന് ഡി.എ.എസ്.പി. ഓഫീസിൽ നടക്കുന്ന സ്പോട് അഡ്മിഷനിൽ പങ്കെടുക്കണം. വിശദവിവരത്തിന് ഫോൺ: 0481-2731066, 9496300675.

(പി.ആർ.ഒ/39/1237/2020)

## പരീക്ഷഫലം

2019 ഒക്ടോബറിൽ നടന്ന പിഎച്ച്.ഡി. കോഴ്സ് വർക്ക് ഫിസിക്സ് (സി.എസ്.എസ്. - 2018 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1238/2020)

2019 സെപ്റ്റംബർ, 2020 ഒക്ടോബർ മാസങ്ങളിൽ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് സയൻസസിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എം.ഫിൽ ഫിസിക്സ് (സി.എസ്.എസ്. - 2018 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1239/2020)

2019 ഏപ്രിലിൽ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.ഫിൽ ഗാന്ധിയൻ സ്റ്റഡീസ്, എം.ഫിൽ ഡെവലപ്മെന്റ് സ്റ്റഡീസ് (സി.എസ്.എസ്. - 2017 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1240/2020)

## ലക്ഷദ്വീപിൽ പരീക്ഷ കേന്ദ്രം

മഹാത്മാഗാന്ധി സർവകലാശാല നടത്തുന്ന വിവിധ യു.ജി., പി.ജി. പരീക്ഷകൾക്ക് ലക്ഷദ്വീപിലെ കവരത്തിയിൽ പരീക്ഷകേന്ദ്രം അനുവദിച്ചു. ലക്ഷദ്വീപിൽ പരീക്ഷ എഴുതുവാൻ ആഗ്രഹിക്കുന്നവർ വിശദവിവരത്തിനായി കവരത്തി വിദ്യാഭ്യാസ ഓഫീസറുമായി ബന്ധപ്പെടുക.

(പി.ആർ.ഒ/39/1241/2020)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എൺവയോൺമെന്റൽ സയൻസസിൽ എം.എസ് സി. എൺവയോൺമെന്റൽ സയൻസ് ആൻഡ് മാനേജ്മെന്റ്, എൺവയോൺമെന്റൽ സയൻസ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് എന്നീ കോഴ്സുകളിൽ പട്ടികവർഗവിഭാഗത്തിൽ ഒന്നു വീതം സീറ്റൊഴിവുണ്ട്. യോഗ്യരായ വിദ്യാർഥികൾ ജാതി, യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി ഡിസംബർ നാലിനകം സ്കൂൾ ഓഫീസിൽ എത്തണം. ഫോൺ: 0481 2732120, 9447573027.

(പി.ആർ.ഒ/39/1242/2020)

## ഗസ്റ്റ് അധ്യാപക ഒഴിവ്

മഹാത്മാഗാന്ധി സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൾട്ടി ഡിസിപ്ലിനറി പ്രോഗ്രാംസ് ഇൻ സോഷ്യൽ സയൻസസിൽ ഗസ്റ്റ് അധ്യാപക ഒഴിവിലേക്ക് ഡിസംബർ 17,18 തീയതികളിൽ വോക്-ഇൻ ഇന്റർവ്യൂ നടത്തും. ഇക്കണോമിക്സ്, ഇംഗ്ലീഷ്, ഹിസ്റ്ററി, മലയാളം, പൊളിറ്റിക്കൽ സയൻസ് വിഷയങ്ങളിലാണ് ഒഴിവുള്ളത്. യു.ജി.സി. മാനദണ്ഡങ്ങൾ പ്രകാരമാണ് യോഗ്യത. യോഗ്യരായവർ യോഗ്യത, പ്രവൃത്തി പരിചയം, പബ്ലിക്കേഷനുകൾ എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റും ബയോഡേറ്റയും സഹിതം ഇന്റർവ്യൂവിന് എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2732992. ഇ-മെയിൽ: impss@gmail.com

(പി.ആർ.ഒ/39/1243/2020)

## വെബ് പ്രഭാഷണ പരമ്പര

മഹാത്മാഗാന്ധി സർവകലാശാല അന്തർ സർവകലാശാല സാമൂഹിക ശാസ്ത്ര ഗവേഷണ പഠനകേന്ദ്രം 'സാമൂഹിക ശാസ്ത്രത്തിലെ വംശീയശാസ്ത്രം' എന്ന വിഷയത്തിൽ വെബ് പ്രഭാഷണ പരമ്പര സംഘടിപ്പിച്ചു. കേരള ചരിത്ര ഗവേഷണ കൗൺസിൽ മുൻ ഡയറക്ടർ ഡോ. പി. സനൽ മോഹൻ പ്രഭാഷണം നടത്തി. മനുഷ്യന്റെ ദൈനംദിന പ്രവൃത്തികളിൽനിന്നാണ് സാമൂഹിക-മാനവിക

വിജ്ഞാനശാഖകളിൽ അറിവുത്പാദിപ്പിക്കപ്പെടുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഐ.യു.സി.എസ്.എസ്.ആർ.ഇ. ഡയറക്ടർ ഡോ. കെ.എം. സീതി പങ്കെടുത്തു.

(പി.ആർ.ഒ/39/1244/2020)

# കേരളത്തിലെ മികച്ച ശാസ്ത്രജ്ഞരെ മഹാത്മാഗാന്ധി സർവകലാശാല ആദരിച്ചു

രാജ്യാന്തരനിലവാരത്തിലേക്ക് ഉയർന്ന് ശാസ്ത്രമേഖലയിൽ മികച്ച സംഭാവനകൾ നൽകാൻ കേരളത്തിലെ ശാസ്ത്രജ്ഞർക്കു കഴിയുന്നതായി ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ പറഞ്ഞു. അമേരിക്കയിലെ സ്റ്റാൻഫോഡ് സർവകലാശാല തയാറാക്കിയ 'ഇന്ത്യയിൽനിന്നുള്ള മികച്ച രണ്ട് ശതമാനം ശാസ്ത്രജ്ഞരുടെ റാങ്കിങ്ങിൽ' കേരളത്തിൽനിന്ന് ഇടംനേടിയവരെ ആദരിക്കുന്നതിനായി മഹാത്മാഗാന്ധി സർവകലാശാല ഓൺലൈനായി സംഘടിപ്പിച്ച 'മീറ്റ് ദി അച്ചീവർ' പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അറിവുകൾ പരസ്പരം പങ്കുവയ്ക്കാനുള്ള വേദികൾ വിപുലപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു. കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാല മുൻ വൈസ് ചാൻസലറും എമിരറ്റസ് പ്രൊഫസറുമായ പ്രൊഫ. ഗംഗൻ പ്രതാപ് മുഖ്യപ്രഭാഷണം നടത്തി. പ്രോവൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം അഡ്വ. പി. ഷാനവാസ് എന്നിവർ സംസാരിച്ചു. കേരളത്തിൽനിന്ന് റാങ്കിങ്ങിൽ ഇടംനേടിയ 38 ശാസ്ത്രജ്ഞരെയാണ് ആദരിച്ചത്.

പ്രൊഫ. സാബു തോമസ് (മഹാത്മാഗാന്ധി സർവകലാശാല), അശോക് പാണ്ഡേ(ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടോക്സിക്കോളജി റിസർച്ച്), ഗംഗൻ പ്രതാപ് (എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാല), ഗിരിജ കുട്ടൻ, രാമദാസൻ കുട്ടൻ (അമല കാൻസർ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്റർ), ആർ. ജയകുമാർ, ശാന്തികുമാർ നായർ (അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ഇന്ത്യ), മനീഷ വിനോദിനി രമേശ്(അമൃത സർവകലാശാല), എസ്. എൻ. മൂർത്തി(ഐ.സി.എ.ആർ സെൻട്രൽ ട്യൂബർ കോർപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്), കെ.എൻ. നൈനാൻ, സി.പി. രഘുനാഥൻ നായർ (ഐ.എസ്.ആർ.ഒ.), കെ.ടി. അഗസ്റ്റി(കണ്ണൂർ സർവകലാശാല), ബി. മോഹൻ കുമാർ(കേരള കാർഷിക സർവകലാശാല), വഴിയിൽ വേണുഗോപാൽ (കുഫോസ്), ഡെയ്സി ഫിലിപ് (മാർ ഇവാനിയോസ് കോളജ്, തിരുവനന്തപുരം), എം.എൽ.പി. റെഡ്ഡി, എ. അജയഘോഷ്, വിജയ് നായർ, ചെറുമുറ്റത്ത് എച്ച്. സുരേഷ്, സി.കെ.എസ്. പിള്ള, റ്റി. എമില അബ്രഹാം, രാജീവ് കെ. സുകുമാരൻ, ബി.സി. പൈ, സതി ചന്ദ്രശേഖർ (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി), എസ്. അശോക്, എസ്. ജയരാജ്(എൻ.ഐ.റ്റി. കോഴിക്കോട്), ജി.ബി. നായർ, രാകേഷ് കുമാർ(രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി), കെ. ശ്രീനിവാസൻ, കെ.ആർ. തങ്കപ്പൻ, കുറുപ്പത്ത് രാധാകൃഷ്ണൻ, ചന്ദ്ര പി. ശർമ (ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി), കോട്ടാക്കൽ പൗലോസ് മാർട്ടിൻ, എം.ടി. രമേശൻ (കാലിക്കട്ട് സർവകലാശാല), റ്റി.എസ്. അനിരുദ്ധൻ (കേരള സർവകലാശാല) ഡോ.എം.ഡി. മാത്യു (സെയിന്റ് ഗിറ്റ്സ് എൻജിനീയറിങ് കോളജ്, കോട്ടയം) എന്നിവരാണ് കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് റാങ്കിങ്ങിൽ ഇടംപിടിച്ചത്. മദ്രാസ് ഐ.ഐ.ടി.യിലെ മലയാളിയായ എ. ജയകൃഷ്ണനും റാങ്കിംഗിൽ ഇടംനേടിയിരുന്നു.

ലോകത്തെ ഒരു ലക്ഷം മികച്ച ശാസ്ത്രജ്ഞരിൽനിന്നാണ് രണ്ടു ശതമാനംപേരുടെ പട്ടിക സ്റ്റാൻഫോഡ് സർവകലാശാലയിലെ ശാസ്ത്രജ്ഞർ തയാറാക്കിയത്. എച്ച് -ഇൻഡക്സ്, ഗ്രന്ഥകർതൃത്വം, ലേഖനങ്ങൾ

അവലംബമാക്കുന്നവരുടെ കണക്ക്(സൈറ്റേഷൻസ്) എന്നിവ മാനദണ്ഡമാക്കി 22 ശാസ്ത്രമേഖകളിലെയും 176 ഉപമേഖലകളിലെയും ലോക റാങ്കിങ്ങാണ് തയാറാക്കിയത്.

## <u>ചിത്രം കാപ്ഷൻ</u>

**അമേരിക്കയിലെ സ്റ്റാൻഫോഡ് സർവകലാശാല തയാറാക്കിയ 'ഇന്ത്യയിൽനിന്നുള്ള മികച്ച രണ്ട് ശതമാനം ശാസ്ത്രജ്ഞരുടെ റാങ്കിങ്ങിൽ' കേരളത്തിൽനിന്ന് ഇടംനേടിയവരെ ആദരിക്കുന്നതിനായി മഹാത്മാഗാന്ധി സർവകലാശാല ഓൺലൈനായി സംഘടിപ്പിച്ച 'മീറ്റ് ദി അച്ചീവർ' പരിപാടി ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ ഉദ്ഘാടനം ചെയ്യുന്നു.**

(പി.ആർ.ഒ/39/1245/2020)

## ENGLISH PRESS RELEASE

# "Knowledge comes out of everyday practices," says Prof. Sanal Mohan

"Knowledge production in disciplines of Social Sciences and Humanities is emerging out of the everyday practices of human beings," according to Dr. P. Sanal Mohan, former Director, Kerala Council of Historical Research (KCHR) and Professor of Social Sciences, Mahatma Gandhi University (MGU). Prof. Sanal was speaking on "Ethnography in Social Sciences" at the Human Geography Web-Lecture Series organized by the Inter University Centre for Social Science Research and Extension (IUCSSRE), MGU. Prof. Sanal said that it is important to understand "culture as something that evolves out of such everyday practices of people and not something divinely ordained." A critical understanding that ethnography provides "would enable us to disentangle culture from the fetishized position bordering religious category in contemporary discourses in India and elsewhere." Prof Sanal pointed out that ethnography "deals with culture as constructed and often treats it as a contested terrain. Obviously, it has dimensions of power involved in it."

Speaking on the contested terrain of positivist methodology and its uncritical celebration of data, Prof Sanal said that "ethnographic research has become a new turn in and a byword for qualitative research in social sciences." "Although the origins of ethnographic practice are connected with anthropology, it has gained significance as a method across different domains of social sciences." "Ethnographic studies can be explored in different cultural and geographical locations depending on the choice of the ethnographers. The development of field work goes back to the time of Bronislaw Malinowski(1884-1942) who conducted field work—participatory research—in the Trobriand islands in the Pacific. Subsequently he published his well-known work, *Argonauts of the Western Pacific* (1922). He is known for his functionalist interpretation of culture. His tradition was followed by his student, E.E. Evans Pritchard and many others subsequently," Prof Sanal said.

Today, ethnography is viewed as "an emergent disciplinary phenomenon." In disciplines where culture has assumed significance, ethnographic practices have become indispensable. As such ethnography in its various dimensions has become "a defining element of academic enquiries." Some of these fields are historical ethnography, cultural poetics, cultural criticism, and the analysis of everyday life among others." In all this, "culture has become a significant component. In Indian social sciences particularly in social anthropology, field work-oriented research became very important. In order to grasp its significance, one needs to read the classic

of MN Srinivas, *The Remembered Village* (1976). Most sociologists and social anthropologists in India conduct field work and practice participatory observation of the social phenomenon."

Prof. Sanal noted that "field work and participatory observation are also conducted by historians who are engaged in ethnographic research along with archival research and other methodologies. Today we have many historians who are good practitioners of social anthropology too. They in fact made possible a conversation between history, ethnography and social anthropology." He said that "historians by virtue of the nature of their disciple can't engage in participatory observation as they are dealing with past. However, it is possible for a historian to undertake an ethnographic reading of the texts she reads in the archives. In certain cases, reading of the archival materials could be construed as a reverse ethnographic practice." Prof Sanal said that "in a situation where one comes across detailed descriptions of events, personalities and larger institutional structures or social practices, it is possible for historians take a detour of the bygone days. Here, what is more fundamental is to understand historical archives as a contested terrain of meanings and historians should be more concerned with the conditions of production of historical document and their complex features and linguist conventions," he added.

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ